©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ഡിസംബർ 11<br>11th December 2018<br>1194 വൃശ്ചികം 25<br>25th Vrischikam 1194<br>1940 അഗ്രഹായനം 20<br>20th Agrahayana 1940 | നമ്പർ<br>No. | 49 |

# PART III

# Industries Department

**തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം**

(ഹാജർ : ഡോ. കെ. എസ്. കൃപകുമാർ)

നമ്പർ ബി4-9190/2010. 2018 സെപ്റ്റംബർ 3.

വിഷയം:—കൈത്തറി ആന്റ് ടെക്സ്റ്റയിൽസ്—ജില്ലാ വ്യവസായ കേന്ദ്രം, തൃശ്ശൂർ—മച്ചാട് പവർലൂം ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ S IND (R) 256—സമാപ്തീകരണ നടപടികൾ—ലിക്വിഡേറ്ററെ നിയമിക്കുന്നത്—സംബന്ധിച്ച്.

പരാമർശം:—(1) ജനറൽ മാനേജരുടെ 16-7-2018-ലെ ഉത്തരവ് നമ്പർ ബി4/9190/2010.

(2) ഈ ഓഫീസിലെ സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ (എച്ച്.ക്യു.)-ടെ 24-7-2018-ലെ SCI/HQ/MCHO/18 നമ്പർ റിപ്പോർട്ട്.

പരാമർശം (1) പ്രകാരം മച്ചാട് പവർലൂം ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലി. നമ്പർ S IND (R) 256-ന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദമായ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുവാൻ ഈ ഓഫീസിലെ സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ (എച്ച്.ക്യു.)-നെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതിൽ പരാമർശം (2) പ്രകാരം സംഘത്തിന്റെ പ്രവർത്തനം പുനരുദ്ധരിക്കുന്നതിന് യാതൊരു സാധ്യതയും കാണാത്തതിനാൽ സംഘം സമാപ്തീകരിക്കുന്നതിന് ശുപാർശ ചെയ്തിട്ടുള്ളതാണ്.

**ഉത്തരവ്**

മേൽപ്പറഞ്ഞ സാഹചര്യത്തിൽ 1969-ലെ സഹകരണ നിയമം വകുപ്പ് 71 അനുസരിച്ച് എന്നിൽ നിക്ഷിപ്ത മായിരിക്കുന്ന അധികാരം ഉപയോഗിച്ച് 256-ാം നമ്പർ മച്ചാട് പവർലൂം വ്യവസായ സഹകരണ സംഘം, പി. ഒ. തെക്കുംകര സമാപ്തീകരണത്തിന് ഉത്തരവാകുന്നതോടൊപ്പം വകുപ്പ് 72 (1) പ്രകാരം സംഘത്തിന്റെ സമാപ്തീകരണം നടത്തുന്നതിന് ജൂനിയർ സഹകരണ ഇൻസ്പെക്ടർ (ലിക്വിഡേറ്റർ), ജില്ലാ വ്യവസായകേന്ദ്രം, തൃശ്ശൂരിനെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു. ലിക്വിഡേറ്റർ സംഘംവക രേഖകളും രജിസ്റ്ററുകളും ആസ്തി ബാദ്ധ്യതകളും ഉടൻ ചാർജ്ജെടുത്ത് റിപ്പോർട്ട് ചെയ്യേണ്ടതും 6 മാസത്തിനകം സമാപ്തീകരണം പൂർത്തിയാക്കേണ്ടതുമാണ്.

ജനറൽ മാനേജരുടെ കാര്യാലയം,
ജില്ലാ വ്യവസായ കേന്ദ്രം,
തൃശ്ശൂർ.

(ഒപ്പ്)
ജനറൽ മാനേജർ.

Gaz. No. 49/2018/DTP (Industries).